# മാതൃകാചോദ്യപേപ്പർ

# മലയാളം

## (ഐച്ഛികം)

## STANDARD XII

www.StudyGuideIndia.com

കേരള സർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി

**2006 - '07**

**STATE COUNCIL OF EDUCATIONAL RESEARCH AND TRAINING (SCERT)**
Vidyabhavan, Poojappura, Thiruvananthapuram - 12, Kerala

# മാനസികപ്രക്രിയകൾ

1. വിവരങ്ങൾ ഓർക്കുന്നു.
2. മുന്നനുഭവങ്ങളുമായി ബന്ധിപ്പിച്ച് പ്രാഥമികധാരണകൾ രൂപപ്പെടുത്തുന്നു.
3. സാമ്യവ്യത്യാസങ്ങൾ കണ്ടെത്തുന്നു.
4. തരംതിരിക്കുന്നു.
5. പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു.
6. കാര്യകാരണബന്ധം കണ്ടെത്തുന്നു.
7. പൂർവജ്ഞാനവുമായി ബന്ധിപ്പിച്ച് വിശകലനം ചെയ്യുന്നു.
8. വിവിധമാധ്യമങ്ങളിലൂടെ അറിവ് വിനിമയം ചെയ്യുന്നു.
9. നേടിയ അറിവുകളെ ഭാവനാപരമായി ആവിഷ്കരിക്കുന്നു.
10. വിലയിരുത്തുകയും മൂല്യം നിർണയിക്കുകയും ചെയ്യുന്നു.

www.StudyGuideIndia.com

# പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾ

- വിവിധകാവ്യരൂപങ്ങളുടെ (മഹാകാവ്യം, ഖണ്ഡകാവ്യം, ഭാവഗാനം, മുക്തകം) സവിശേഷതകൾ കണ്ടെത്തി കുറിപ്പുകൾ തയാറാക്കുന്നതിന്.
- പുരാണേതിഹാസങ്ങൾക്ക് സാഹിത്യത്തിലുള്ള സ്വാധീനം കണ്ടെത്തി വിശകലനംചെയ്യുന്നതിന്.
- ആധുനിക കവിത്രയത്തിന്റെ കാവ്യരീതികൾ വിശകലനംചെയ്ത് കുറിപ്പുകളും സെമിനാർ പ്രബന്ധങ്ങളും തയാറാക്കുന്നതിന്.
- കവിതയിലെ ചമത്കാരം, ധ്വനി, ഔചിത്യം തുടങ്ങിയവ കണ്ടെത്തി കുറിപ്പുകൾ തയാറാക്കുന്നതിന്.
- പിൽക്കാലമലയാള കവിതയെ ആധുനിക കവിത്രയത്തിന്റെ കവിതകളുമായി താരതമ്യപ്പെടുത്തി ഭാവുകത്വപരമായ പരിണാമം കണ്ടെത്തുന്നതിന്.
- കവിതാകളരികളിൽ പങ്കെടുത്ത് രചനകൾ അവതരിപ്പിക്കുന്നതിനും സാഹിത്യക്കൂട്ടായ്മയ്ക്കുള്ള സന്നദ്ധത വളർത്തുന്നതിനും.
- അഭിരുചിക്കനുസരിച്ച് സർഗാത്മകരചനകളിൽ ഏർപ്പെടുന്നതിന്.
- സാഹിത്യകൃതികളിൽ ആവിഷ്കരിച്ചിരിക്കുന്ന പ്രമേയത്തെ അടിസ്ഥാനമാക്കി തിരക്കഥ, നാടകം എന്നിവ രചിക്കുന്നതിന്.
- കാവ്യപ്രമേയത്തെ സമകാലിക ജീവിതസന്ദർഭങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തി വിശകലനക്കുറിപ്പുകൾ തയാറാക്കുന്നതിന്.
- നാടൻപാട്ടുകൾശേഖരിക്കുന്നതിനും താളാത്മകമായി അവതരിപ്പിക്കുന്നതിനും
- നാടൻപാട്ടുകൾ അപഗ്രഥിക്കുന്നതിനും അവയിൽ പ്രതിഫലിക്കുന്ന സാമൂഹിക സാംസ്കാരിക മുദ്രകൾ കണ്ടെത്തി ലേഖനങ്ങൾ തയാറാക്കുന്നതിനും.
- നാടൻപാട്ടുകളിലെ താളം സ്വന്തം രചനകളിൽ പ്രയോഗിക്കുന്നതിന്.
- നാടോടികലാരൂപങ്ങളുടെ പ്രചാരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും ആവശ്യമായ അടിസ്ഥാനരേഖകൾ വികസിപ്പിക്കുന്നതിനും.
- നാട്ടറിവുകൾ വിശകലനംചെയ്യുന്ന പ്രബന്ധങ്ങൾ തയാറാക്കി സെമിനാറുകളിൽ പങ്കെടുത്ത് അവതരിപ്പിക്കുന്നതിന് .
- ദൃശ്യകലകളിൽ കാണുന്ന പ്രാചീനകലാരൂപങ്ങളിലെ വിവിധ അംശങ്ങൾ അന്വേഷണപഠനത്തിലൂടെ കണ്ടെത്തുന്നതിന്.
- നാടൻകലാകാരന്മാരുമായി അഭിമുഖത്തിലേർപ്പെടുന്നതിനും അവരിൽ നിന്ന് ലഭിച്ച അറിവിന്റെ അടിസ്ഥാനത്തിൽ ലേഖനങ്ങൾ തയാറാക്കുന്നതിനും.
- വിവിധ കാലഘട്ടങ്ങളിലെ സാഹിത്യരചനകൾ സൗന്ദര്യപരമായി വിശകലനംചെയ്ത് പ്രബന്ധങ്ങൾ തയാറാക്കുന്നതിന്.
- കാവ്യസിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ, സാഹിത്യകൃതികളിലെ സൗന്ദര്യാംശങ്ങൾ കണ്ടെത്തുകയും വിശദീകരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതിന്.
- പരിചയപ്പെട്ട സാഹിത്യസിദ്ധാന്തങ്ങളെ താരതമ്യം ചെയ്ത് കുറിപ്പുകൾ തയാറാക്കുന്നതിന്.
- കാവ്യസിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ സാഹിത്യചർച്ചകളിൽ ഏർപ്പെടുന്നതിന്.
- കലാനിരൂപണം, സാഹിത്യനിരൂപണം എന്നിവ ലിഖിതമായും വാചികമായും അവതരിപ്പിക്കുന്നതിന്.
- മലയാളസാഹിത്യത്തിൽ ഇതരഭാഷാസാഹിത്യങ്ങൾ ചെലുത്തിയ സ്വാധീനം അന്വേഷിച്ച് വിവരങ്ങൾ തയാറാക്കുന്നതിന്.

www.StudyGuideIndia.com

- സമകാലിക സാഹിത്യരചനകളെ അപഗ്രഥിച്ച് ലേഖനങ്ങൾ, കുറിപ്പുകൾ എന്നിവ തയാറാക്കുന്നതിന്.
- സാഹിത്യകൃതികളിൽ പ്രതിഫലിക്കുന്ന ജീവിതദർശനം തിരിച്ചറിയുകയും വിലയിരുത്തുകയും ചെയ്യുന്നതിന്.

  റൊമാന്റിസിസം, റിയലിസം എന്നീ സാഹിത്യപ്രസ്ഥാനങ്ങളെക്കുറിച്ച് സാമാന്യമായ അറിവു നേടുന്നതിനും തിരിച്ചറിഞ്ഞ് പ്രയോഗിക്കുന്നതിനും.
- ഇതര സാഹിത്യരൂപങ്ങളിൽ നിന്ന് കവിതയെ വേർതിരിക്കുന്ന സവിശേഷത തിരിച്ചറിഞ്ഞ് സർഗാത്മകപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്.
- ഭാഷോൽപത്തിയുമായി ബന്ധപ്പെട്ട വിവിധ വാദഗതികൾ വിലയിരുത്തി സ്വാഭിപ്രായം വാചികമായും ലിഖിതമായും പ്രകടിപ്പിക്കുന്നതിന്.
- മനുഷ്യന്റെ സാമൂഹികജീവിതത്തിന് ഭാഷ എങ്ങനെ ഉപകരണമാകുന്നു എന്നതിന് ഉപോദ്ബലകമായ വസ്തുതകൾ കണ്ടെത്തി ഉപന്യസിക്കുന്നതിന്.
- കൃതികളിലെ ഭാഷണപരവും ഭാഷണേതരവുമായ സംവേദനരീതികൾ മനസ്സിലാക്കി അവതരിപ്പിക്കുന്നതിന്.
- മലയാളവും ഇതരഭാഷകളും തമ്മിലുള്ള സാജാത്യവൈജാത്യങ്ങൾ, ആദാനപ്രദാനങ്ങൾ എന്നിവ അന്വേഷിച്ച് ഗവേഷണക്കുറിപ്പുകൾ തയാറാക്കുന്നതിന്.
- ഭാഷാഭേദമാതൃകകൾ പരിചയപ്പെടുന്നതിനും അവയുടെ സവിശേഷതകൾ തിരിച്ചറിയുന്നതിനും
- ദൃശ്യ-ശ്രവ്യമാധ്യമങ്ങളിൽ ഉപയോഗിക്കുന്ന ഭാഷയുടെ സവിശേഷതകൾ നിരീക്ഷിച്ച് കുറിപ്പുകൾ തയാറാക്കുന്നതിന്.
- മലയാളഭാഷയിൽ വിവിധ കാലഘട്ടങ്ങളിൽ ഉണ്ടായിട്ടുള്ള കൃതികൾ പരിശോധിച്ച് ഭാഷയുടെ വികാസപരിണാമങ്ങൾ വിശകലനം ചെയ്യുന്നതിന്.
- പത്രഭാഷയുടെ വികാസപരിണാമങ്ങൾ മാതൃകകൾ അപഗ്രഥിച്ച് ബോധ്യപ്പെടുന്നതിനും പ്രഭാഷണങ്ങൾ, പ്രബന്ധങ്ങൾ എന്നിവ തയാറാക്കുന്നതിനും.
- ഭിന്നകാലങ്ങളിലുണ്ടായിട്ടുള്ള ലിപിപരിഷ്കരണത്തിന്റെ പ്രസക്തി മനസ്സിലാകുന്നതിനും ലേഖനരൂപത്തിൽ ആവിഷ്കരിക്കുന്നതിനും.

www.StudyGuideIndia.com

# ഹയർസെക്കന്ററി രണ്ടാം വർഷ പൊതു പരീക്ഷ

## പാർട്ട് – 3

## മലയാളം

**(ഐച്ഛികം)** സ്കോർ - 80

**മാതൃകാചോദ്യപേപ്പർ 1** സമയം 2½ മണിക്കൂർ

**പൊതു നിർദേശങ്ങൾ**

- എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.
- ഉത്തരത്തിനു വേണ്ട ദൈർഘ്യം, സ്കോർ എന്നിവ അതത് ചോദ്യങ്ങൾക്കൊപ്പം നൽകിയിട്ടുണ്ട്.
- നല്കിയിട്ടുള്ള സൂചനകൾ വ്യക്തമായി ഗ്രഹിച്ചതിനു ശേഷം മാത്രം ഉത്തരമെഴുതുക.
- ചോദ്യം പരിചയപ്പെടുന്നതിനായി അനുവദിച്ചിട്ടുള്ള സമയത്ത് (15 മിനിട്ട്) ഉത്തരങ്ങൾ എഴുതുവാൻ പാടുള്ളതല്ല.

**1. പ്രഭാഷണം തയാറാക്കുക**

നിങ്ങളുടെ വിദ്യാലയത്തിലെ മലയാളസമാജത്തിന്റെ വാർഷികത്തോടനുബന്ധിച്ച് തിരുവാതിരക്കളി അവതരിപ്പിക്കുന്നു. ഈ പരിപാടിക്കു മുമ്പായി തിരുവാതിരക്കളി എന്ന കാലാരൂപത്തെ പരിചയപ്പെടുത്തിക്കൊണ്ട് നിങ്ങൾ നടത്തുന്ന ഒരു ആമുഖപ്രഭാഷണം തയാറാക്കുക.

*ഒരു പുറം– സ്കോർ :* 6

**2. ലഘുകുറിപ്പ് തയാറാക്കുക**

"സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ
സ്നേഹിച്ചിടാത്തൊരു തത്ത്വശാസ്ത്രത്തെയും"

വയലാർ രാമവർമ്മയുടെ 'മാനിഷാദ' എന്ന കവിതയിലെ വരികളാണിവ. ഈ വരികളിൽ തെളിയുന്ന കവിയുടെ ജീവിതദർശനം കണ്ടെത്തി ഒരു ലഘുകുറിപ്പ് തയാറാക്കുക.

*അരപ്പുറം– സ്കോർ :* 4

**2. ആസ്വാദനക്കുറിപ്പ് തയാറാക്കുക**

"ചമ്പക കങ്കേളി കുന്ദാദി പുഷ്പങ്ങൾ
എമ്പാടും ചിന്തിയ വന്ദ്യഭൂവിൽ
അമ്പാടി തന്നിലെ ചങ്ങാതിമാരൊന്നി-
ച്ചമ്പാളും ഗോവിന്ദനെന്ന പോലെ
കാൽകൾ പിമ്പോട്ടു മടക്കി തൃപ്പൊൽ ചുമൽ
താഴ്കെയിടം കൈ വിരപ്പിലൂന്നി
തെല്ലിടത്തോട്ടു ചാഞ്ഞുണ്മാനിരിപ്പായി
സല്ലീലനീശ്വരൻ നിത്യതൃപ്തൻ."

***(മഗ്ദലനമറിയം - വള്ളത്തോൾ)***

മേൽക്കൊടുത്തിരിക്കന്ന വരികളുടെ ചമത്കാരഭംഗി കണ്ടെത്തി ഒരു ആസ്വാദനക്കുറിപ്പ് തയാറാക്കുക.

*അരപ്പുറം– സ്കോർ :* 6

**3. ലഘുവിവരണം തയാറാക്കുക**

ഭാഷ കൂടാതെയും ആശയവിനിമയം സാധ്യമാണ്. പക്ഷിമൃഗാദികളും പരസ്പരം ആശയവിനിമയം നടത്തുന്നുണ്ടല്ലോ. ഈ പശ്ചാത്തലത്തിൽ ഭാഷാബാഹ്യമായ ആശയവിനിമയോപാധികളെപ്പറ്റി ഒരു ലഘുവിവരണം നൽകുക.

*അരപ്പുറം– സ്കോർ :* 4

www.StudyGuideIndia.com

**5. ഉപന്യാസം തയാറാക്കുക**

ആധുനിക കവിത്രയത്തിന്റെ ഏറ്റവും ശ്രദ്ധേയമായ കൃതികൾ പുരാണകഥകളെ ഉപജീവിച്ച് രചിച്ചവയാണെന്നു പറയാമോ? ചിന്താവിഷ്ടയായ സീത, കർണഭൂഷണം, ശിഷ്യനും മകനും എന്നീ കൃതികളെ അടിസ്ഥാനമാക്കി ഒരു ഉപന്യാസം തയാറാക്കുക.

*ഒന്നരപ്പുറം- സ്കോർ : 8*

**6. കുറിപ്പ് തയാറാക്കുക**

"പൊന്നിൽ കുളിച്ചവൾ
നിൽക്കുകയാണൊരു
മഞ്ഞക്കണിക്കൊന്ന-
പൂത്ത പോലെ"

***( ചങ്ങമ്പുഴ)***

"നിരത്തിൽ കാക്കകൊത്തുന്നു
ചത്തപെണ്ണിൻ കണ്ണുകൾ
മുല ചപ്പിവലിക്കുന്നു
നരവർഗ നവാതിഥി"

***(അക്കിത്തം)***

വ്യത്യസ്തങ്ങളായ രണ്ടു കാവ്യചിത്രങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഇവ നിങ്ങളുടെ മനസ്സിലുണർത്തുന്ന അനുഭൂതിവിശേഷങ്ങൾ വ്യക്തമാക്കുന്ന ഒരു കുറിപ്പ് തയാറാക്കുക.

*ഒരുപുറം- സ്കോർ : 6*

**7. ലഘൂപന്യാസം തയാറാക്കുക**

പ്രേക്ഷക പങ്കാളിത്തം, വിശ്വാസങ്ങളുടെ പിൻബലം, സമൂഹത്തിന്റെ കൂട്ടായ്മ തുടങ്ങിയവയായിരുന്നു നാടൻകലകളെ സജീവമായി നിലനിർത്തിയിരുന്നത്. നാടൻകലകളുടെ ഈ സവിശേഷതകളെപ്പറ്റി പ്രതിപാദിക്കുന്ന ഒരു ലഘൂപന്യാസം തയാറാക്കുക.

*ഒരുപുറം- സ്കോർ : 8*

**8. ലഘുപ്രഭാഷണം തയാറാക്കുക**

ഭാഷകളുടെ ഉല്പത്തി വികാസപരിണാമങ്ങൾ ഗ്രഹിക്കുന്നതിനായി ക്ലാസിൽ ഒരു പ്രഭാഷണ പരമ്പര സംഘടിപ്പിക്കുന്നു. ഈ പരിപാടിയിൽ ഭാഷകളുടെ ഗോത്രവിഭജനത്തിന്റെ സാധുതയെ സംബന്ധിച്ച് നിങ്ങൾ നടത്തുന്ന ഒരു ലഘുപ്രഭാഷണം തയാറാക്കുക.

*ഒരുപുറം- സ്കോർ : 6*

**9. ലഘുവിവരണം തയാറാക്കുക**

നിങ്ങൾ പങ്കെടുക്കുന്ന ഒരു സാഹിത്യക്യാമ്പിൽ കവി, കവിത, സഹൃദയൻ എന്നിവയെ സംബന്ധിച്ചുകൊണ്ട് ഒരു ചർച്ച നടക്കുന്നു. ഈ പരിപാടിയിൽ പങ്കെടുത്ത് സംസാരിക്കുവാൻ നിങ്ങൾ തയാറാക്കുന്ന ഒരു ലഘുവിവരണം തയാറാക്കുക.

*ഒരുപുറം- സ്കോർ : 6*

**10. കുറിപ്പ് തയാറാക്കുക**

നിങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കലാസമിതി ഒരു 'നാട്ടരങ്ങ്' സംഘടിപ്പിക്കുന്നു. നാടൻകലകളുടേയും ഗാനങ്ങളുടേയും അവതരണമാണ് നടക്കുന്നത്. ഈ പരിപാടിയെപ്പറ്റി വിവരിക്കുന്ന ഒരു ലഘുലേഖ പ്രസിദ്ധീകരിക്കുന്നു. ഇതിൽ ചേർക്കുന്നതിനായി നാടൻകലകളുടെ സവിശേഷതകൾ വ്യക്തമാക്കുന്ന കുറിപ്പ് തയാറാക്കുക. *(മൂന്നു കലാരൂപങ്ങൾ ഉൾപ്പെടുത്തണം)*

*ഒരുപുറം- സ്കോർ : 8*

www.StudyGuideIndia.com

**11. വിശകലനക്കുറിപ്പ് തയാറാക്കുക**

“അച്ഛനമ്മമാർ കാലേ വെടിഞ്ഞ നിർഭാഗ്യയെ
സ്വച്ഛന്ദമുപേക്ഷിച്ചാൻ ഭർത്താവുമെന്നേ വേണ്ടൂ”

‘അച്ഛനും മകളും’ എന്ന കൃതിയിൽ ശകുന്തള വിശ്വാമിത്രനോടു പറയുന്ന ഈ വാക്കുകൾ കഥാഗതിയിൽ നിർണായക സ്വാധീനം ചെലുത്തുന്നുണ്ട്. ഒരു വിശകലനക്കുറിപ്പ് തയാറാക്കുക.

*അരപ്പുറം– സ്കോർ :* 6

**12. കുറിപ്പ് തയാറാക്കുക**

“ഞാനൊന്നു ചോദിക്കട്ടെ സാദരം മഹാമുനേ
ധ്യാനത്തിലുൾച്ചേരുന്നാസ്സച്ചിദാനന്ദം താനോ
മാനിച്ചീയിളം പൂമൈപുല്കലിലുളവായൊ–
രാനന്ദമിതോഭവാന്നധികം സമാസ്വാദ്യം.”

ഈ വരികളിൽ ഉപയോഗിച്ചിരക്കുന്ന ചുട്ടെഴുത്തുകളുടെ (ആ, ഈ) പ്രസക്തി, കവിയുടെ ഇടപെടലിലെ ഔചിത്യം, ആധ്യാത്മിക - ലൗകികഭാവങ്ങളെക്കുറിച്ചുള്ള സൂചന എന്നിവ വിശകലനം ചെയ്ത് ഒരു കുറിപ്പ് തയാറാക്കുക.

*അരപ്പുറം– സ്കോർ :* 6

**13. പ്രതികരണക്കുറിപ്പ് തയാറാക്കുക**

നമ്മുടെ നാടൻപാട്ടുകളിൽ ഏറിയപങ്കും കാർഷികവൃത്തിയുമായി ബന്ധപ്പെട്ടവയാണ്. ഒരു കാലഘട്ടത്തിലെ കാർഷികകേരളത്തിന്റെ പരിച്ഛേദമായിരുന്നു നാടൻപാട്ടുകൾ എന്നു പറയാം. നിങ്ങൾ ഈ അഭിപ്രായത്തോട് യോജിക്കുന്നുവോ? കാഴ്ചപ്പാട് വ്യക്തമാക്കുന്ന ഒരു പ്രതികരണക്കുറിപ്പ് തയാറാക്കുക.

*അരപ്പുറം– സ്കോർ :* 4

**14. ലഘുകുറിപ്പ്**

“അംശങ്ങൾകൊണ്ടും അവരവർക്കടുത്ത എടങ്ങൾ കൊണ്ടും ഒരുത്തർക്കും ഒരു ഏറെകുറെയും കുറച്ചിലും ഒണ്ടാക്കുകയില്ല. മലങ്കര എടവകയിലെ മരിയാദക്കു തക്കവണ്ണം തങ്ങളുടെ എടം എല്ലാവർക്കും ഉണ്ടായിരിക്കും. ഇതുമ്മേൽ എങ്കിലും മറ്റു വല്ലതുമ്മേൽ എങ്കിലും ഏതാനും സംശയം ആർക്കാനും ഉണ്ടെങ്കിലും മെത്രാനോടു പറഞ്ഞാൽ ന്യായത്താൽ വേണ്ടും വണ്ണം വിധിക്കയും ചെയ്യും”.

***(ഉദയംപേരൂർ സുനഹദോസ്)***

പതിനാറാം നൂറ്റാണ്ടിലെ മലയാള ഗദ്യത്തിന് ഉദാഹരണമാണിത്. ഇതിലെ ഭാഷയിൽ നിന്ന് ആധുനിക മലയാള ഗദ്യത്തിനുണ്ടായ വളർച്ച വിശകലനം ചെയ്ത് ഒരു ലഘുകുറിപ്പ് തയാറാക്കുക.

*അരപ്പുറം– സ്കോർ :* 4

www.StudyGuideIndia.com

## വിലയിരുത്തൽ സൂചിക

| നമ്പർ | വിലയിരുത്തൽ സൂചകങ്ങൾ | സ്കോർ | ആകെ |
|---|---|---|---|
| 1 | • വിഷയത്തെ സംബന്ധിച്ച അവബോധത്തിന് | 3 | |
| | • ഉചിതമായ രൂപത്തിൽ ആവിഷ്കരിക്കുന്നതിന് | 3 | 6 |
| 2 | • ആശയം ഗ്രഹിക്കുന്നതിന് | 2 | |
| | • ദർശനം കണ്ടെത്തി ആവിഷ്കരിക്കുന്നതിന് | 2 | 4 |
| 3 | • ആശയഗ്രഹണത്തിന് | 2 | |
| | • ചമത്കാരഭംഗി കണ്ടെത്തുന്നതിന് | 2 | 4 |
| 4 | • ആശയരൂപീകരണത്തിന് | 2 | 4 |
| | • തനിമയുള്ള നിരീക്ഷണങ്ങൾ | 2 | |
| | • ഉദാഹരണങ്ങളിലൂടെ സമർഥിക്കുന്നതിന് | | |
| 5 | • കൃതികളെയും രചനാരീതികളെയും പറ്റിയുള്ള അറിവ് | 3 | |
| | • സ്വന്തം നിഗമനങ്ങൾ | 3 | |
| | • ഭാഷാപരമായ മികവ് | 2 | 8 |
| 6 | • നിരീക്ഷണങ്ങളിലെ മികവിന് | 2 | |
| | • വൈകാരികാംശങ്ങളുടെ കണ്ടെത്തൽ | 2 | |
| | • താരതമ്യം ചെയ്ത് ആശയം രൂപീകരിക്കുന്നതിന് | 2 | 6 |
| 7 | • വിഷയത്തെ സംബന്ധിച്ച ധാരണ | 3 | |
| | • സ്വന്തം നിഗമനങ്ങൾ | 3 | |
| | • അവതരണത്തിലെ മികവ് | 2 | 8 |
| 8 | • ഗോത്രവിഭജനത്തെപ്പറ്റിയുള്ള ധാരണയ്ക്ക് | 4 | |
| | • ഉചിതമായ അവതരണത്തിന് | 2 | 6 |
| 9 | • വിഷയങ്ങളെക്കുറിച്ചുള്ള ധാരണ | 2 X 3 | 6 |
| | • ഭാഷാപരമായ മികവ് | | |
| 10 | • വിഷയത്തെ സംബന്ധിച്ചുള്ള ധാരണ | 3 | |
| | • സമഗ്രമായ വിഷയാവതരണം | 3 | |
| | • ഭാഷാപരമായ മികവ് | 1 | |
| | • ആവിഷ്കരണത്തിലെ മികവ് | 1 | 8 |
| 11 | • ആശയം ഗ്രഹിച്ചിട്ടുണ്ട് | 2 | |
| | • സ്വന്തം നിരീക്ഷണങ്ങൾ | 1 | |
| | • അവതരണത്തിലെ മികവ് | 1 | 4 |
| 12 | • ആശയം വ്യക്തമായി ഗ്രഹിച്ചിട്ടുണ്ട് | 2 | |
| | • നിരീക്ഷണത്തിലെ മൗലികത | 2 | 6 |
| | • വിശകലനത്തിന്റെ മികവ് | 2 | |
| 13 | • വിഷയത്തെ സംബന്ധിച്ച ധാരണ | 2 | |
| | • സ്വന്തം നിരീക്ഷണങ്ങളുടെ അവതരണം | 2 | 4 |
| 14 | • ഗദ്യത്തിന്റെ വളർച്ചയെപ്പറ്റിയുള്ള ധാരണ | 3 | |
| | • നിരീക്ഷണത്തിലെ മികവ് | 1 | 4 |

www.StudyGuideIndia.com

## ബ്ളൂപ്രിന്റ്

| നമ്പർ | യൂണിറ്റ് | അതിഹ്രസ്വോത്തരം | ലഘൂപന്യാസം | ഉപന്യാസം | മറ്റിനം | ആകെ |
|---|---|---|---|---|---|---|
| 1 | കവിതയും കാലവും | – | 3 | 1 | – | 4 |
| 2 | നാട്ടുപഴമയും സാഹിത്യവും | – | 2 | 2 | – | 4 |
| 3 | കവിതയുടെ രസതന്ത്രം | – | 3 | – | – | 3 |
| 4 | ഭാഷയും പ്രയോഗവും | – | 3 | – | – | 3 |
| | **ആകെ** | | **11** | **3** | **–** | **14** |

## ചോദ്യമാതൃകകൾക്കുള്ള ആപേക്ഷിക പ്രാധാന്യം

| നമ്പർ | യൂണിറ്റിന്റെ പേര് | ചോദ്യങ്ങളുടെ എണ്ണം | സ്കോർ | ശതമാനം |
|---|---|---|---|---|
| 1 | കവിതയും കാലവും | 4 | 24 | 30 |
| 2 | നാട്ടുപഴമയും സാഹിത്യവും | 4 | 26 | 32.5 |
| 3 | കവിതയുടെ രസതന്ത്രം | 3 | 16 | 20 |
| 4 | ഭാഷയും പ്രയോഗവും | 3 | 14 | 17.5 |
| | **ആകെ** | **14** | **80** | **100** |

## ചോദ്യമാതൃകകൾക്കുള്ള ആപേക്ഷിക മൂല്യം

| നമ്പർ | ചോദ്യമാതൃക | ചോദ്യങ്ങളുടെ എണ്ണം | സ്കോർ | ശതമാനം |
|---|---|---|---|---|
| 1 | അതിഹ്രസ്വോത്തരം | – | – | – |
| 2 | ലഘൂപന്യാസം | **1** | 56 | 70 |
| 3 | ഉപന്യാസം | 3 | 24 | 30 |
| 4 | മറ്റിനം | – | – | – |
| | **ആകെ** | **14** | **80** | **100** |

www.StudyGuideIndia.com

## ചോദ്യങ്ങളുടെ അപഗ്രഥനം

| ചോദ്യ നം. | ഉള്ളടക്കം/യൂണിറ്റ് | ചിന്താപ്രക്രിയ | ചോദ്യരൂപം | സ്കോർ | സമയം – മിനിട്ട് |
|---|---|---|---|---|---|
| 1 | നാട്ടുപഴമയും സാഹിത്യവും | 1,8 | പ്രഭാഷണം | 8 | 10 |
| 2 | കവിതയുടെ രസതന്ത്രം | 6,10 | കണ്ടെത്തൽ | 4 | 5 |
| 3 | കവിതയും കാലവും | 7,9 | ആസ്വാദനം | 6 | 12 |
| 4 | കവിതയുടെ രസതന്ത്രം | 1,4,10 | ലഘുവിവരണം | 4 | 5 |
| 5 | ഭാഷയും പ്രയോഗവും | 1,2,4 | ഉപന്യാസം | 8 | 20 |
| 6 | കവിതയുടെ രസതന്ത്രം | 3,4,10 | ആസ്വാദനം | 6 | 13 |
| 7 | നാട്ടുപഴമയും സാഹിത്യവും | 1,2,7 | ലഘുപന്യാസം | 8 | 15 |
| 8 | ഭാഷയും പ്രയോഗവും | 3,4,5 | ലഘുപ്രഭാഷണം | 6 | 10 |
| 9 | കവിതയുടെ രസതന്ത്രം | 1,6,7,10 | വിവരണം | 6 | 10 |
| 10 | നാട്ടുപഴമയും സാഹിത്യവും | 2,4,7 | വിവരണംകുറിപ്പുകൾ | 8 | 20 |
| 11 | കവിതയും കാലവും | 2,6,10 | വിശകലനം | 4 | 5 |
| 12 | കവിതയും കാലവും | 2,6,10 | വിശകലനം | 6 | 10 |
| 13 | നാട്ടുപഴമയും സാഹിത്യവും | 3,4,8 | പ്രതികരണം | 4 | 6 |
| 14 | ഭാഷയും പ്രയോഗവും | 4,7,10 | ഭാഷാപഗ്രഥനം | 4 | 5 |
| | | | **ആകെ** | **80** | **145 (മിനിറ്റ്)** |

www.StudyGuideIndia.com